KSFE

150 YEARS OF CELEBRATING THE MAHATMA

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ: 2312/4312 തിയ്യതി: 04.05.2021

## സർക്കുലർ നമ്പർ 39/2021 (P&HR)

വിഷയം : കോവിഡ് പ്രതിരോധം-സർക്കാരിന്റെ പുതിയ ജാഗ്രതാനിർദ്ദേശങ്ങൾക്കനുസരിച്ച് കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനം ക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. G.O(Rt) No. 397/2021/DMD dt 03.05.2021
2. G.O(Rt) No. 394/2021/DMD dt 03.05.2021
3 29.04.202 ൽ നടന്ന മുഖ്യമന്ത്രിയുടെ പത്രസമ്മേളനം
4. 16.04.2021 ലെ സർക്കുലർ നമ്പർ 28/2021(P&HR)
5. 20.04.2021 ലെ 3006/Plg നമ്പർ കത്ത്
6. 21.04.2021 ലെ 3006/Plg നമ്പർ കത്ത്
7. G.O(Rt) No. 378/2021/DMD dt 21.04.2021
8. 22.04.2021 ലെ സർക്കുലർ നമ്പർ 31/2021 (P&HR)
9. 28.04.2021 ലെ സർക്കുലർ നമ്പർ 36/2021 (P&HR)
10. 30.04.2021 ലെ സർക്കുലർ നമ്പർ 38/2021 (P&HR)

** ** **

സൂചന (1), (2) പ്രകാരമുള്ള സർക്കാർ ഉത്തരവുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ 04.05.2021 മുതൽ കെ.എസ്.എഫ്.ഇ യുടെ ശാഖകൾ / ഓഫീസുകൾ പ്രവർത്തിക്കേണ്ടത് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അനുസരിച്ചാണ്.

1. പ്രവർത്തന സമയം രാവിലെ 10 മണി മുതൽ ഉച്ച തിരിഞ്ഞ് 2 മണി വരെയാക്കി നിജപ്പെടുത്തിയിരിക്കുന്നു (സായാഹ്ന ശാഖകൾ അടക്കം). അതിൽതന്നെ ഉച്ചയ്ക്ക് 1 മണി വരെ മാത്രമേ ബിസിനസ്സ് ഇടപാടുകൾ നടത്തേണ്ടതുള്ളൂ. എന്നാൽ ഉച്ചയ്ക്ക് 1 മണിക്കുശേഷം ഉച്ചതിരിഞ്ഞ് 2 മണിവരെ മറ്റു ഓഫീസ് സംബന്ധിയായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ് .

2. 25 ശതമാനം ജീവനക്കാർ മാത്രമേ ശാഖകളിൽ / ഓഫീസുകളിൽ ഹാജരാകേണ്ടതുള്ളൂ.

3. അന്ധരും മറ്റ് ഭിന്നശേഷി ജീവനക്കാരും ഇനി ഒരു അറിയിപ്പുണ്ടാകുന്നതുവരെ ശാഖകളിൽ / ഓഫീസുകളിൽ ഹാജരാകേണ്ടതില്ല.

4. സുഗമയിൽ നിന്ന് പണം പിൻവലിക്കുക, സ്വർണ്ണപ്പണയ വായ്പ നൽകുക, ഇടപാടുകാർക്ക് മറ്റ് അവശ്യ സേവനങ്ങൾ നൽകുക തുടങ്ങി ഇടപാടുകാർക്ക് അത്യാവശ്യമായി വരുന്ന സേവനങ്ങൾ മേൽ സമയക്രമം പാലിച്ചുകൊണ്ട് തടസ്സം കൂടാതെ നിർവ്വഹിക്കേണ്ടതാണ്.

5. ഒരേ സമയം 3 ഇടപാടുകാരിൽ കൂടുതൽ ശാഖകളിൽ / ഓഫീസുകളിൽ അനുവദിക്കരുത്.

6. തീവ്ര–അതിതീവ്രമേഖലകളിൽ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അധികൃതരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

7. മേൽക്കാണിച്ച നിർദ്ദേശങ്ങൾക്ക് പുറമേ ഈ വിഷയവുമായി ബന്ധപ്പെട്ട് നേരത്തേ തന്ന നിർദ്ദേശങ്ങളിൽ ബാധകമായ എല്ലാം പാലിക്കേണ്ടതാണ്.

**കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

To: **എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v എം.ഡി. യുടെ പി.എ.
vi സർക്കുലർ ഫയൽ